"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ: ഇ3/14162/15

ശാന്തിനഗർ, തിരുവനന്തപുരം-1
തീയതി: 09.06.2015

## *സർക്കുലർ*

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-വാഹനങ്ങൾക്ക് 3rd Party Insurance എടുക്കുന്നതു- സംബന്ധിച്ച്:

****************

വിവിധ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർ വാഹനങ്ങൾക്ക് കേരള സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഇൻഷുറൻസ് എടുത്തതിനുശേഷം സാധൂകരണം ലഭിക്കുന്നതിനായി ശുപാർശ സമർപ്പിയ്ക്കുമ്പോൾ ടി വാഹനത്തിന് എടുത്ത ഇൻഷുറൻസ് 3rd Party ആണോയെന്ന് വ്യക്തമാക്കുന്നില്ല. ഈ സാഹചര്യത്തിൽ വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുക്കുമ്പോൾ സാധൂകരണം ലഭിക്കണമെങ്കിൽ താഴെ പറയുന്ന നിബന്ധനകൾ കർശനമായും പാലിയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവിടെ നിന്നും സാധൂകരണം നല്കുന്നതല്ല. തുടർന്ന് ടി തുക ബന്ധപ്പെട്ട വ്യക്തികളുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

1) അയയ്ക്കുന്ന ശുപാർശയിൽ തുക ചെലവഴിച്ച ശീർഷകം വ്യക്തമാക്കണം.
2) കേരള സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും തന്നെയായിരിയ്ക്കണം ഇൻഷുറൻസ് എടുക്കേണ്ടത്.
3) 3rd Party ഇൻഷുറൻസ് ആണ് എടുക്കുന്നതെന്ന് പ്രിൻസിപ്പാൾ നിർബന്ധമായും സർട്ടിഫൈ ചെയ്തിരിക്കണം.
4) വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, മോഡൽ നമ്പർ എന്നിവ രേഖപ്പെടുത്തിയിരിയ്ക്കണം.
5) ഇൻഷുറൻസ് എടുത്താൽ ഏറ്റവും അടുത്ത ദിവസം തന്നെ സാധൂകരണത്തിനായി പ്രൊപ്പോസൽ അയച്ചിരിയ്ക്കണം.
6) ഇൻഷുറൻസ് എടുക്കുന്നതിനായി തുക ചെലവഴിച്ചതിന്റെ ബിൽ, ഇൻഷുറൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ നിർബന്ധമായും സാക്ഷ്യപ്പെടുത്തി അയച്ചുതരേണ്ടതാണ്.
7) ടി വാഹനം ബന്ധപ്പെട്ട ചാർജ്ജ് ഇൻസ്ട്രക്ടർ ശരിയാം വിധം സൂക്ഷിക്കുന്നുണ്ടെന്നുള്ള ഒരു സമ്മത പത്രവും ടിയാനിൽ നിന്നും വാങ്ങി സാധൂകരണം ലഭ്യമാക്കുവാൻ അയച്ചുതരേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി
**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

എല്ലാ ഐ. ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്: CA to ADT, CA to JDT, AO II, TA, JSE1, E2, E3 Seat.

എസ്.എച്ച്.10/06/15 എസ്.എച്ച്